**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1775** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ പ്രിൻസിപ്പൽ നിയമനത്തിന് കാലതാമസം നേരിടുന്നതിനാൽ ഗുരുതരമായ പ്രതിസന്ധി നിലനിൽക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രിൻസിപ്പാൾമാരില്ലാത്ത സർക്കാർ കോളേജുകളിൽ അതാത് സ്ഥാപനങ്ങളിലെ വൈസ് പ്രിൻസിപ്പാൾ/ സീനിയർ അധ്യാപകർക്ക് പ്രിൻസിപ്പാളിന്റെ സാമ്പത്തികാധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല നൽകി പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് 77 സർക്കാർ കോളേജുകൾ നിലവിലുണ്ട്.

- സർക്കാർ ആർട്സ് & സയൻസ് കോളേജ് - 66
- സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജ് -4
- സർക്കാർ സംസ്കൃത കോളേജ് -2
- സർക്കാർ മ്യൂസിക് കോളേജ് -4
- ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് - 1

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥിരം പ്രിൻസിപ്പൽമാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

- ആർട്സ് & സയൻസ് കോളേജ് -പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച കേസുകളിൽ കോടതി ഉത്തരവുകൾ നിലനിൽക്കുന്നതിനാൽ ഒഴിവാക്കിയിട്ടിരിക്കുന്നു.
- ടീച്ചർ എഡ്യൂക്കേഷൻ കോളേജ്-4
- സംസ്കൃത കോളേജ് - 1
- മ്യൂസിക് കോളേജ് - 3

ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA NO.828/2023- മേലുള്ള 03.08.2023, 21.08.2023 തീയതികളിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 23.08.2023 തീയതിയിലെ സ.ഉ.(സാധാ) നം. 1320/2023/ഉ.വി.വ ഉത്തരവ് പ്രകാരം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിൽ താൽക്കാലികമായി നിയമിക്കപ്പെട്ട 36 പേരിൽ 22 പേർ നിലവിൽ സേവനത്തിൽ തുടരുന്നു. ആർട്സ് ആൻറ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിലവിൽ ആരും തന്നെ സ്ഥിര നിയമനത്തിൽ തുടരുന്നില്ല.

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട അടിയന്തിര നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.

**(ബി)** സംസ്ഥാനത്ത് നിലവിൽ ആകെ എത്ര ഗവൺമെന്റ് കോളേജുകളുണ്ടെന്നും അവയിൽ എത്രയിടങ്ങളിൽ സ്ഥിരം പ്രിൻസിപ്പൽമാരുടെ സേവനം ലഭ്യമാണെന്നും വ്യക്തമാക്കാമോ; പ്രിൻസിപ്പൽ നിയമനം അടിയന്തരമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പ്രിൻസിപ്പാൾമാരില്ലാത്ത സർക്കാർ കോളേജുകളിൽ അതാത് സ്ഥാപനങ്ങളിലെ വൈസ് പ്രിൻസിപ്പാൾ/ സീനിയർ അധ്യാപകർക്ക് പ്രിൻസിപ്പാളിന്റെ സാമ്പത്തികാധികാരത്തോട് കൂടിയ പൂർണ്ണ അധിക ചുമതല നൽകി പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് 77 സർക്കാർ കോളേജുകൾ നിലവിലുണ്ട്.

- സർക്കാർ ആർട്സ് & സയൻസ് കോളേജ് - 66
- സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജ് -4
- സർക്കാർ സംസ്കൃത കോളേജ് -2
- സർക്കാർ മ്യൂസിക് കോളേജ് -4
- ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് - 1

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥിരം പ്രിൻസിപ്പൽമാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

- ആർട്സ് & സയൻസ് കോളേജ് -പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച കേസുകളിൽ കോടതി ഉത്തരവുകൾ നിലനിൽക്കുന്നതിനാൽ ഒഴിവാക്കിയിട്ടിരിക്കുന്നു.
- ടീച്ചർ എഡ്യൂക്കേഷൻ കോളേജ്-4
- സംസ്കൃത കോളേജ് - 1
- മ്യൂസിക് കോളേജ് - 3

ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA NO.828/2023- മേലുള്ള 03.08.2023, 21.08.2023 തീയതികളിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 23.08.2023 തീയതിയിലെ സ.ഉ.(സാധാ) നം. 1320/2023/ഉ.വി.വ ഉത്തരവ് പ്രകാരം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിൽ താൽക്കാലികമായി നിയമിക്കപ്പെട്ട 36 പേരിൽ 22 പേർ നിലവിൽ സേവനത്തിൽ തുടരുന്നു. ആർട്സ് ആൻറ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിലവിൽ ആരും തന്നെ സ്ഥിര നിയമനത്തിൽ തുടരുന്നില്ല.

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട അടിയന്തിര നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**